"ഭരണഭാഷ- മാതൃഭാഷ"

18 MAR 2020

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് – മെഡിക്കൽ വിദ്യാഭ്യാസം – ജീവനക്കാര്യം - ഡോ.നിയാസ്.സി.എം., ജൂനിയർ കൺസൾട്ടന്റ്, ജനറൽ ആശുപത്രി, മഞ്ചേരി - മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റ് തസ്തികയിലെ അന്യത്ര സേവനം ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.587/2020/ആ.ക.വ തീയതി,തിരുവനന്തപുരം, 17/03/2020

---

പരാമർശം:- 1) സ.ഉ. (സാധാ.) നം. 279/2019/ആ.ക.വ തീയതി 05.02.2019.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.02.2020-ലെ ഇ.എ6 6307/2020/ആ.വ.ഡ നമ്പർ നിരാക്ഷേപ പത്രം.

3) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 12.02.2019-ലെ എൻ.സി2/66750/2019/ഡി.എം.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശ കത്തിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകൾ പരിഗണിച്ച്, ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റായ ഡോ.നിയാസ്.സി.എം.-ന് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിൻ വിഭാഗം സീനിയർ റസിഡന്റ് തസ്തികയിൽ പരാമർശ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള അന്യത്രസേവനം നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കു വിധേയമായി 06/03/2020 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അനുവദിക്കപ്പെട്ട കാലയളവിനുശേഷവും അന്യത്ര സേവന തസ്തികയിൽ തുടരുന്നത് കെ.എസ്സ്.ആർ. ഭാഗം-1, ചട്ടം 140(സി) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ, അന്യത്ര സേവന കാലയളവ് അവസാനിച്ചു കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. അന്യത്ര സേവനം ദീർഘിപ്പിച്ച് ഉത്തരവാകാത്ത പക്ഷം, അനുവദിക്കപ്പെട്ട അന്യത്ര സേവനകാലം അവസാനിക്കുമ്പോൾ ഡോ. നിയാസ് സി.എം.-നെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

ഡെപ്യൂട്ടിസെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ. നിയാസ് സി.എം., ജൂനിയർ കൺസൾട്ടന്റ്, ജനറൽ ആശുപത്രി, മഞ്ചേരി. (Through DHS)
പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്. മഞ്ചേരി.
സൂപ്രണ്ട്, ജനറൽ ആശുപത്രി, മഞ്ചേരി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.